"ഭരണഭാഷ-മാതൃഭാഷ"

No.DWCD/2358/2022-ICDSB4

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 30-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശുവികസന-ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

മാഡം,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐസിഡിഎസ്-പെൻഷനായ അങ്കണവാടിപ്രവർത്തകരുടെ താൽക്കാലിക നിയമനം - ബഹു: ഹൈ കോടതിയിലെ കേസുകളിൽ -തുടർനടപടികൾസ്വീകരിക്കുന്നത്-സംബന്ധിച്ച്:-

സൂചന:-
1. അഡ്വക്കറ്റ് ജനറൽ കാര്യലയത്തിലെ 14.06.2022 ലെ ഈ മെയിൽ നമ്പർ U2-W.P(C)17984/2022/2022039500
2. ഈ കാര്യാലയത്തിലെ 22.07.2022 ലെ ഐസിഡിഎസ്/ബി4-3418/ 2022 നമ്പർ കത്ത്

30.04.2022 ൽ അങ്കണവാടി പ്രവർത്തകർ വിരമിച്ചത് മൂലമുണ്ടായ ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തേണ്ട സാഹചര്യമുണ്ടായാൽ നിലവിലെ നിയമന മാനദണ്ഡങ്ങൾ പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തെ വിവിധ പ്രോജക്ടുകളിലെ അങ്കണവാടികളിൽ നിന്നും വിരമിച്ചവർ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ വകുപ്പ് ഒരു പൊതുവായ SOF ഫയൽ ചെയ്തിട്ടുള്ളതാണ്. എന്നാൽ പുനർനിയമനം ആവശ്യപ്പെട്ടിട്ടുള്ള ഹർജികളിൽ അതതു ശിശുവികസന പദ്ധതി ഓഫീസർമാരുടെ നിയമനാധികാരപരിധിയിൽ നിന്നും ഫയൽ ചെയ്ത കേസുകളിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഡയറക്ടർക്ക് വേണ്ടി കൂടി പ്രത്യേകം പ്രത്യേകം SOF സമർപ്പിക്കേണ്ടതും ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തിലേക്ക് ലഭ്യമാക്കേണ്ടതാണ്.

ICDS കളിലെ അങ്കണവാടി ജീവനക്കാരുടെ നിയമനവും തുടർ നടപടികളും അതതു ICDSപ്രൊജക്റ്റ്/ജില്ല ഓഫീസർ തലത്തിൽ നടക്കുന്നതിനാൽ നിയമന സംബന്ധമായ രേഖകളും നടപടിക്രമങ്ങളും പരിശോധിച്ച് വിലയിരുത്തി SOF തയ്യാറാക്കി സമയബന്ധിതമായി ബഹു. കോടതികളിൽ ഫയൽ ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ഇത്തരം കേസുകളിൽ SOF ഫയൽ ചെയ്യേണ്ട അവസരത്തിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ Laison Officer മായി ബന്ധപെട്ട് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിനു അതതു ജില്ല ഓഫീസർമാർ പ്രത്യേകം ശ്രദ്ധ ചെലുത്തി നിർദേശങ്ങൾ നൽകേണ്ടതും കോടതി അലക്ഷ്യ നടപടികൾ ഉണ്ടാകുന്നില്ല എന്ന് കൂടി വ്യക്തിപരമയി ഉറപ്പാക്കേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ

I/69252/2022

അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർക്കു വേണ്ടി

Signed by Priyanka G
Date: 30-11-2022 12:18:49